സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ദേവസ്വം ബോർഡ് ഹെഡ്ക്വാർട്ടേഴ്സ്, നന്തൻകോട്, തിരുവനന്തപുരം-695003
ഇ-മെയിൽ secretarytdbtvm@gmail.com

ആർ.ഒ.സി. നമ്പർ 2096/23/ലാന്റ്

ദേവസ്വം ബോർഡാഫീസ്,
തിരുവനന്തപുരം,06.06.2023

## സർക്കുലർ

**വിഷയം:-** റവന്യൂ റിക്കാർഡുകളിൽ ദേവസ്വം ഭൂമിയുടെ ഇനം മാറ്റുന്നത് സംബന്ധിച്ച്.

ദേവസ്വം ഭൂമിയുടെ ഇനം പുറമ്പോക്ക് എന്ന് റവന്യൂ റിക്കാർഡുകളിൽ രേഖപ്പെടുത്തിപ്പെട്ടിരിക്കുന്നത് മൂലം ദേവസ്വം ബോർഡിന് ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ട അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. റവന്യൂ രേഖകൾ കൃത്യമാക്കുന്നതിനുള്ള ഡിജിറ്റൽ ലാന്റ് റീസർവ്വെ നടത്തുന്ന ഘട്ടത്തിൽ ഉൾപ്പെടുത്തി എല്ലാ ദേവസ്വം ഭൂമികളുടെയും റവന്യൂ റിക്കാർഡുകളിൽ "പുറമ്പോക്ക് സർക്കാർ", 'സർക്കാർ ക്ഷേത്രം' എന്നിങ്ങനെ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന പരാമർശങ്ങൾ നീക്കി 'ദേവസ്വം വക' എന്നാക്കി മാറ്റി തിരുത്തൽ രേഖപ്പെടുത്തുന്നതിലേയ്ക്ക് ആവശ്യമായ രേഖകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ലാന്റ് രജിസ്റ്റർ ആഫീസിൽ നിന്നും ശേഖരിച്ച് റവന്യൂ അധികാരികൾക്ക് നൽകി തിരുത്തൽ വരുത്തുന്നതിനും നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും ഉത്തരവാകുന്നു. ആയതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതിനും ഉത്തരവാകുന്നു.

സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്)

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
3. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
4. ഐ.റ്റി ഡിവിഷൻ
5. സെക്ഷൻ ഫയൽ
6. ഫെയർ ഓഫീസ് കോപ്പി